# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.471** **26.04.2017-ൽ മറുപടിയ്ക്ക്**

**കെ എസ് എഫ് ഇ പ്രവാസി ചിട്ടി**

| | ചോദ്യം<br><br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ എസ് എഫ് ഇ പ്രവാസി ചിട്ടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ; | (എ) | പ്രവാസികൾക്ക് വേണ്ടിയുള്ള ഒരു പ്രത്യേക ചിട്ടി പദ്ധതി 2017 ജൂൺ മാസത്തോടെ കെ.എസ്.എഫ്.ഇ. മുഖേന തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ, ഇതുവഴി കിഫ്ബിയിലേക്ക് പണം സ്വരൂപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിന്റെ തനതു സാമ്പത്തിക വ്യവഹാരമായ ചിട്ടിയുടെ ഗുണഫലങ്ങൾ പ്രവാസികൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ ചിട്ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രവാസി ചിട്ടികളുടെ പണം കിഫ്ബിയിലേയ്ക്ക് മാറ്റുകയും ആവശ്യം വരുമ്പോൾ കോർ ബാങ്ക് സംവിധാനം ഉപയോഗിച്ച് കെ.എസ്.എഫ്.ഇ. യ്ക്ക് ആവശ്യമായ പണം കിഫ്ബിയിൽ നിന്ന് പിൻവലിക്കാൻ സാധിക്കുന്നതുമായ ഒരു സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ബാക്കിയുള്ള ഫ്രീ ഫ്ളോട്ട് ആയ സംഖ്യ കിഫ്ബിയിൽ ഉണ്ടാകുകയും ചെയ്യും. |
| (സി) | ചിട്ടി നടത്തിപ്പിലൂടെ കിഫ്ബിയിലേക്ക് എന്നത്തേക്ക് പണം ലഭ്യമാകുമെന്ന് വിശദമാക്കുമോ? | (സി) | പ്രവാസി ചിട്ടികൾ നടപ്പിൽ വരുന്നതോടെ കിഫ്ബിയ്ക്ക് പണം ലഭ്യമായിത്തുടങ്ങുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ.